LIBRARY ARCHIVES Kerala Legislative Assembly

കോളേജ് ക്യാമ്പസിലെ രാഷ്ട്രീയം

*24 [144] ശ്രീ. ടി. എൻ. പ്രതാപൻ:

,, തമ്പാനൂർ രവി:

,, തേന്മ്പിൽ രാമകൃഷ്ണൻ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്യാമ്പസുകളിൽ രാഷ്ട്രീയം നിയന്ത്രിക്കുന്നത് സംബന്ധിച്ച കോടതി ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യങ്ങളിൽ ചട്ടങ്ങളുണ്ടാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഇതനുസരിച്ച് ചട്ടങ്ങൾക്ക് രൂപം നൽകിയോ എന്നറിയിക്കാമോ; ഈ ചട്ടങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട സംഘടനകളുടെ അഭിപ്രായം ആരായുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഹൈക്കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നിർദ്ദേശിച്ചിരുന്നു.

(സി) ഇതനുസരിച്ച് ചട്ടങ്ങൾക്ക് രൂപം നൽകേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്. കോടതി ഉത്തരവ് അനുസരിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ യൂണിവേഴ്സിറ്റികൾക്കും സർക്കാർ നൽകി.

പ്ലസ് ടു കോഴ്സിന് നിയമനിർമ്മാണം

*25 [145] ശ്രീ. എം. പി. ഗംഗാധരൻ:

,, എൻ. ഡി. അപ്പച്ചൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, അടൂർ പ്രകാശ്:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു കോഴ്സ് നടത്തുന്നതും അത് സംബന്ധിച്ച ഭരണം നടത്തുന്നതും ഏത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള എഡ്യൂക്കേഷൻ ആക്ടും അതിൻമേൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും ഇക്കാര്യത്തിൽ ബാധകമാണോ;

(സി) പ്ലസ് ടു കോഴ്സിന് പ്രത്യേകമായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് പ്രകാരമാണ് ഹയർ സെക്കണ്ടറി (പ്ലസ് ടു) കോഴ്സുകൾ നടത്തുന്നത്.

(ബി) അതെ.

(സി) ഇപ്പോൾ ഇല്ല.

പാഠപുസ്തക അച്ചടിയും വിതരണവും

*26 [146] ശ്രീ. ബിനോയ് വിശ്വം:

,, മാങ്കോട് രാധാകൃഷ്ണൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) വിതരണം ചെയ്യാൻ കഴിയാത്തതും വിതരണം പൂർത്തിയാക്കാത്തതുമായ പാഠപുസ്തകങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പാഠപുസ്തക വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ആവശ്യമായ സംവിധാനങ്ങളില്ലാത്ത സ്വകാര്യ പ്രസ്സിലെ അച്ചടി മൂലമാണ് കാലതാമസമുണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 83 ശതമാനം വിതരണം നടന്നുകഴിഞ്ഞു.

(ബി) സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തക വിതരണം പൂർത്തിയായിരിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് വിവിധ പ്രസ്സുകളെ അച്ചടി ജോലി ഏൽപ്പിച്ചിട്ടുള്ളത്. സർക്കാർ മേഖലയിലെ പ്രസ്സുകൾക്ക് അവരുടെ കർമ്മശേഷിയുടെ അടിസ്ഥാനത്തിലും ബാക്കിയുള്ള പുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ മൽസര ടെൻഡറുകളുടെ അടിസ്ഥാനത്തിലുമാണ് ജോലി ഏൽപ്പി

LIBRARY ARCHIVES Kerala Legislative Assembly